**തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്**

PH5-4425/18 25.11.2021

**പത്ര പരസ്യം**

തൃശ്ശൂർ നഗരത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന കന്നുകാലികളെ തൃശ്ശൂർ കോർപ്പറേഷൻ സംരക്ഷിച്ചു വരികയാണ്. 11.11.2021 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഗോക്കളെ വളർത്തി പരിപാലിക്കുന്നതിനുള്ള നിബന്ധനകൾ അംഗീകരിച്ച് ഈ ഗോക്കളെ ദത്തു സ്വീകരിക്കുന്നതിനു താൽപര്യമുള്ള സംഘടനകളിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നു. കൂടതൽ വിവരങ്ങൾ തൃശ്ശൂർ കോർപ്പറേഷന്റെ ആരോഗ്യ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.

നിബന്ധനകൾ

a) എഗ്രിമെന്റ് വെച്ച് ഗോക്കളെ വളർത്തുവാൻ കൊടുക്കുക.
b) മാസത്തിൽ ഒരു തവണ, വളർത്തുന്നവർ തൊഴുത്തിന്റേയും ഗോക്കളുടേയും വ്യക്തികളുടേയും ഫോട്ടോ സഹിതം റിപ്പോർട്ട് കോർപ്പറേഷനിൽ നൽകുക.
c) സംരക്ഷണ സമിതിക്കാർ രണ്ട് മാസം കൂടുമ്പോൾ ഒരു തവണയെങ്കിലും രണ്ട് പേർ വീതമെങ്കിലും ഈ ഗോക്കളെ സന്ദർശിച്ച് റിപ്പോർട്ട് കോർപ്പറേഷനിൽ നൽകുക. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
d) വളർത്തുന്നവർക്ക് പാലും ചാണകവും സ്വയം എടുക്കാവുന്നതാണ്.
e) വളർത്തുന്നവർ ഗോക്കൾക്ക് ആവശ്യമായ ഭക്ഷണവും മരുന്നും ചികിത്സയും പരിപാലനവും നൽകേണ്ടതാണ്.
f) വളർത്തുന്നവർ ഗോക്കളെ മറ്റൊരാൾക്ക് ഒരു കാരണവശാലും കൈമാറുവാൻ പാടില്ലാത്തതാണ്. അതുപോലെ തെരുവിലേക്ക് വിടുവാൻ പാടില്ലാത്തതാണ്.
g) വെറ്ററിനറി സർവ്വകലാശാലയ്ക്ക് ഗോക്കളെ പരിരക്ഷിക്കാൻ കഴിയുമെങ്കിൽ നിയമപ്രകാരം ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**സെക്രട്ടറി**
**തൃശ്ശൂർ കോർപ്പറേഷൻ**

എസ്

CORPORATION OFFICE * THRISSUR *